PARISH News

MONTHLY NEWS BULLETIN OF ST. MARY'S ORTHODOX CATHEDRAL, ERNAKULAM

VOL : 5 • ISSUE : 2 FEBRUARY 2011

## എഡിറ്റോറിയൽ

# ദൈവത്തോടുകൂടെയുള്ള നടപ്പ്

'അവന്റെ വെളിച്ചത്താൽ ഞാൻ ഇരുട്ടിൽ കൂടെ നടന്നു' (ഇയ്യോ 29:3). കഷ്ടതകളും വിഷമഘട്ടങ്ങളും എല്ലാവരുടെയും ജീവിതത്തിൽ ഉണ്ടായെന്നുവരും. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ കർത്താവായ യേശുക്രിസ്തു നമ്മോടുകൂടെ നടക്കുന്നു എന്ന വിശ്വാസവും അവന്റെ സാന്നിദ്ധ്യവും വേണം നമുക്കാശ്രയിക്കാൻ, 'പ്രിയപൈതലേ ഈ പാതയാണ് ഇപ്പോൾ നമുക്കു നല്ലത്. നിനക്കുവേണ്ടി ഞാനാണ് ഇത് തിരഞ്ഞെടുത്തത്. നാം ഒരുമിച്ചാണ് മുമ്പോട്ടുപോകുന്നത്' എന്നുള്ള കർത്താവിന്റെ ശബ്ദം ശ്രദ്ധിച്ചാൽ നമുക്കു കേൾക്കുവാൻ സാധിക്കും.

വിശുദ്ധ പൗലോസ് പറഞ്ഞതുപോലെ 'ഞാൻ നല്ല പോർ പൊരുതു. ഓട്ടം തികച്ചു. വിശ്വാസം കാത്തു. ഇനി നീതിയുടെ കിരീടം എനിക്കായി വച്ചിരിക്കുന്നു' (2 തിമോ. 4:7) എന്നു പറയുവാൻ നമുക്കു സാധിക്കണം. നാം ഏതു വിഷമം പിടിച്ച സാഹചര്യത്തിലായാലും ദൈവത്തോടുകൂടെ ജോലി ചെയ്യുവാൻ സാധിക്കണം. വിശ്രമമെന്നു പറഞ്ഞാൽ ഒന്നും ചെയ്യാതിരിക്കുന്ന അവസ്ഥയല്ല, ഒരു ജോലിയിൽ നിന്ന് മറ്റൊന്നിലേക്കുള്ള മാറ്റമാണെന്നു പറയാറുണ്ട്. പ്രസിദ്ധ വേദപുസ്തക പണ്ഢിതനായ ഡോക്ടർ മോഫറ്റിന്റെ ജീവിതചര്യ ശ്രദ്ധേയമാണ്. അദ്ദേഹത്തിന്റെ പഠനമുറിയിൽ മൂന്നു മേശകളുണ്ടായിരുന്നു. ആദ്യത്തേതിൽ വേദപുസ്തക പരിഭാഷയും, രണ്ടാമത്തേതിൽ സഭാ പിതാക്കന്മാരെ പറ്റിയുള്ള പഠനവും, മൂന്നാമത്തേതിൽ നോവലുകളും ക്രമീകരിച്ചിരുന്നു. ഒന്നിൽ ക്ഷീണിക്കുമ്പോൾ അദ്ദേഹം അടുത്ത മേശയിലേക്കു കടക്കുമായിരുന്നു. അദ്ദഹത്തിന്റെ വിശ്രമം അങ്ങനെയായിരുന്നു. തളരാതെ ജോലിചെയ്യുവാൻ അദ്ദേഹത്തിനു സാധിച്ചിരുന്നത് അങ്ങനെയായിരുന്നു. നമുക്കു ദൈവത്തോടുകൂടി ജോലിചെയ്യുവാൻ കഴിഞ്ഞാൽ ഏതു വിഷമഘട്ടങ്ങളും തരണം ചെയ്യുവാനുള്ള ധൈര്യവും കഴിവുമുണ്ടാകും.

ദൈവത്തോടുകൂടെ നടക്കുമ്പോൾ നാം കടന്നുപോന്ന വഴി ഓർമ്മയുണ്ടായിരിക്കണം. നാം ഏതു സ്ഥാനത്തായിരുന്നുവോ അവിടെ നിന്ന് ബഹുദൂരം പിന്നിട്ട് ഇന്നത്തെസ്ഥിതിയിലെത്തുവാൻ സഹായിച്ചതു ദൈവമാണെന്ന് ഓർക്കുവാനാണിത്. പേർഷ്യയിൽ ജീവിച്ചിരുന്ന ഡാറാ എന്ന ആട്ടിടയനെ ചക്രവർത്തി ഒരു ജില്ലയുടെ ഭരണാധികാരിയായി നിയമിച്ചു. കാലക്രമേണ രാജകിങ്കരന്മാർ അദ്ദേഹത്തെക്കുറിച്ച് രാജാവിനോട് പരദൂഷണം പറയുവാൻ തുടങ്ങി. അദ്ദേഹം സ്വന്തമായി ധാരാളം രത്നശേഖരങ്ങൾ ഉണ്ടാക്കാറുണ്ടെന്നും, എവിടെപ്പോയാലും അദ്ദേഹം രത്നങ്ങളടങ്ങിയ പെട്ടിയുമായാണ് പോകുന്നതെന്നും രാജാവിനെ ധരിപ്പിച്ചു. എന്നാൽ രാജാവ് അദ്ദേഹം കൂടെ കൊണ്ടുപോയിരുന്ന പെട്ടി പരിശോധിച്ചപ്പോൾ കണ്ടത് അദ്ദേഹത്തിന്റെ കുറെ പഴയ കീറിയ കുപ്പായങ്ങളായിരുന്നു. രാജാവിനോട് അദ്ദേഹം പറഞ്ഞത് പഴയകാലം മറക്കാതിരിക്കുവാനും, അഹങ്കരിക്കാതിരിക്കുവാനുമാണ് എപ്പോഴും തന്റെ പഴയകാലത്തെ കീറിയ കുപ്പായങ്ങൾ കൊണ്ടുനടക്കുന്നതെന്നാണ്.

നമ്മുടെ മനസ്സിലെങ്കിലും പഴയകാലങ്ങളിലെ ഓർമ്മകൾ സൂക്ഷിക്കുവാൻ സാധിച്ചാൽ അഹങ്കരിക്കാതെ ജീവിക്കുവാൻ നമുക്കു സാധിക്കും. എല്ലാ ദിവസവും അതിരാവിലെ ശാന്തമായ അന്തരീക്ഷത്തിൽ കുറച്ചുസമയം ദൈവസന്നിധിയിൽ ധ്യാനിക്കുകയും, അന്നത്തെ ദിവസം മുഴുവൻ ദൈവം നമ്മോടുകൂടെ നടക്കുവാൻ ദൈവത്തോടു യാചിക്കുകയും ചെയ്താൽ അതിന്റെ ഫലം നമുക്കനുഭവപ്പെടും. ■

# വചനം വിൽക്കുന്നവർ

(ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത)



മദ്ധ്യവേനൽ അവധിയായാൽ പിന്നെ സുവിശേഷയോഗങ്ങളും പാതയോരപ്രസംഗങ്ങളും വരവായി. 'ദൈവവചനം' എന്ന് പൂർണ്ണമായി പറയാതെ 'വചനം' കേൾക്കാൻ പോയി. "വചനത്തിൽ ഇങ്ങനെ കാണുന്നു" എന്നെല്ലാം പറയുന്നത് ഒരുതരം ഫാഷനുമായി! ഇത്രയേറെ വചനോത്സവങ്ങളും, തിരുനാളുകളും, 'വഴി' പ്രസംഗങ്ങളും ഐക്യയോഗങ്ങളുമുണ്ടായിട്ടും ഈ നാട്ടിൽ 'പീഢന' ങ്ങളും, കവർച്ചകളും അഴിമതിയും കെടുകാര്യസ്ഥതയും പെരുകുന്നതെന്തേ?

തൊലിപ്പുറത്തെ (skin deep) ആത്മീകത ഉപരിപ്ലവവും ക്ഷണഭംഗുരവുമാണ്. നിമിഷഗുരുക്കന്മാർ പൊടുന്നനെ റബിമാരും ചികിത്സകരുമൊക്കെയായി പരിണമിക്കുന്ന ആശ്ചര്യമാണ് നമ്മുടെ മുമ്പിൽ. അഭ്യാസം തികയാതെ ആരും ഗുരുക്കന്മാരാകില്ല. യേശുക്രിസ്തു മുപ്പതു വർഷം ഒരുങ്ങി. യോഹന്നാൻ സ്നാപകൻ 'തന്നത്താൻ ലോകത്തിനു കാണിക്കുന്നതുവരെ' നിർജ്ജനദേശത്തു തപസ്സിലായിരുന്നു. ഇന്നത്തെ 'വചന' പ്രഹേളികയിൽ തപസ്സും വേണ്ട, ത്യാഗവും വേണ്ട, ആത്മപീഢയും ലാളിത്യവും അശേഷം വേണ്ട. ഫലത്തിൽ, സ്വാഭാവിക പുഷ്പമായി മണവും നിറവും ഉള്ളതായിരിക്കേണ്ടതിനുപകരം, അതിനേക്കാൾ സുന്ദരമായ 'പ്ലാസ്റ്റിക് പൂക്കാടുകളാ'ണെവിടെയും.

പ്രഭാഷണങ്ങളിലൂടെ ലോകത്തെ മുഴുവൻ മാനസ്സാന്തരപ്പെടുത്തുക എന്നത് തങ്ങളുടെ 'വിളിയും' ദൗത്യവുമാണെന്നു ധരിച്ചുവശായവരുണ്ട്. എല്ലാം ഒരുതരം 'മെഗാ' കാര്യപരിപാടിയാണ്. ഇവിടെ അറ്റുവീഴുന്നത് നൈസർഗ്ഗികമായ നന്മ മാത്രമല്ല, അലിയുന്ന മനസ്സും കൂടെയാണ്. വേദപുസ്തകത്തെക്കാൾ 'വലിയ'വരാണ് പല വചനപ്രഘോഷകരും. അവരുടെ വാക്ധോരണിയില്ലായിരുന്നെങ്കിൽ വേദപുസ്തകം അസ്തമിച്ചുപോയേനേ എന്നു തോന്നിപ്പോകും!

ദൈവവചനം സ്നേഹം, സഹനം, ത്യാഗം, വിശുദ്ധി, സേവനം ഇവയുടെയെല്ലാം വിളനിലമാണ്. ആഹാരം തേടിപ്പോകുന്ന ഉറുമ്പിൻകൂടും ഒരു നേർരേഖപോലെ കാണപ്പെടുന്നു. ഇരുഭാഗത്തേക്കും ചലിക്കുന്ന ഒരു നേർവര. ഉറുമ്പുകൾ ഓരോന്നും മറ്റൊന്നിനെ കണ്ടുമുട്ടുമ്പോൾ ഒന്നു സ്പർശിച്ചിട്ടുപോകും. പാതതെറ്റാതിരിക്കാനാണീ ചുംബനമെന്നു പറഞ്ഞേക്കാം. പക്ഷേ സ്നേഹമില്ലാതെ പാതയില്ലല്ലോ!

ദൈവവചനം ശക്തവും മൂർച്ചയുള്ളതുമാണ്. അതിന്റെ ശക്തി തിരിച്ചറിയേണ്ടത് വാക്വൈഭവത്തിലൂടെയല്ല. 'വചനം' 'വചനം' എന്നുരുവിടുന്നത് ഒരു മന്ത്രവുമല്ല. ദൈവത്തെയും മനുഷ്യനെയും നിബന്ധന കൂടാതെ സ്നേഹിക്കാൻ ശീലിക്കാത്തതും, ശീലിപ്പിക്കാത്തതും 'വചന'മാവില്ല. വചനം ഭക്ഷിക്കാനുള്ളതാണ്. അതുവഴി ശീലങ്ങളും നടപടികളും സ്വഭാവവും രൂപാന്തരപ്പെട്ട് ശുദ്ധീകരിക്കപ്പെടുന്നു. ജീവിത സാക്ഷ്യമില്ലാത്ത വചനഘോഷണം ഒരഭ്യാസവും ഉദ്യോഗവും മാത്രം. അതു നിലനിൽക്കുകയില്ല. ■

# മെൽത്തോ 2011

എറണാകുളം ഓർത്തഡോക്സ് കൺവൻഷൻ, മെൽത്തോ 2011 ഫെബ്രുവരി 18, 19, 20 തീയതികളിൽ രാജേന്ദ്ര മൈതാനിയിൽ നടക്കും. വൈകുന്നേരങ്ങളിൽ റവ. ഫാ. ടി.ജെ. ജോഷ്വ, റവ. ഫാ. വിൽസൺ മാത്യു, റവ. ഫാ. ഒ. തോമസ് എന്നിവരും, പകൽ യോഗങ്ങളിൽ അഭി. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്തയും പ്രൊ. മേരി മാത്യുവും പ്രസംഗിക്കും.

# കത്തീഡ്രൽ പൂമുഖ നവീകരണം

നമ്മുടെ പള്ളിയുടെ പൂമുഖ പ്രതിഛായയ്ക്ക് ആനുകാലിക മാറ്റം വരുന്ന നിർമ്മാണ പ്രവർത്തനം നടന്നുവരികയാണല്ലോ. കഴിയുന്നതുംവേഗം നിർമ്മാണം പൂർത്തീകരിക്കത്തക്കവിധം ക്രമീകരണങ്ങൾ ചെയ്തുവരുന്നു. പ്രസ്തുത പ്രവർത്തനങ്ങളിൽ സാമ്പത്തിക സഹകരണം നൽകുവാൻ ആഗ്രഹിക്കുന്നവർക്ക് അവസരം ഉണ്ട് എന്നറിയിക്കുന്നു. ഒപ്പം ഏവരുടേയും പ്രാർത്ഥനയും അഭ്യർത്ഥിക്കുന്നു.

## വികാരിയുടെ കത്ത്



# ദാമ്പത്യ ഐക്യതലങ്ങൾ

**ഫാ. പി. ഐ. വർഗ്ഗീസ്**

ഒരിക്കൽ ഒരു വിവാഹ കൂദാശയിൽ സംബന്ധിച്ച എന്നോട് വരന്റെ മാതാവ്, അച്ചാ ഞാൻ എന്റെ മകനെ പൊന്നുപോലെ വളർത്തി വലുതാക്കി, പഠിപ്പിച്ച് ഈ നിലയിലാക്കിയതാണ്. അവൻ പിതാവിനെയും, മാതാവിനെയും വിട്ടുപിരിഞ്ഞ് ഭാര്യയോട് പറ്റിച്ചേരും എന്ന് വായിച്ചുകേട്ടപ്പോൾ എന്റെ ചങ്കുപൊടിഞ്ഞുപോയി ആ വാചകം മാത്രമൊന്ന് ഒഴിവാക്കിക്കൂടെ പൊന്നച്ചോ എന്ന് ചോദിച്ചു. ആ മാതാവിന്റെ ആത്മരോഷം അനിയന്ത്രിതമായ ഒരു വികാരവിസ്ഫോടനമാണെന്നും അത് ഒരു ഹൃദയനൊമ്പരമായി നിലനിൽക്കുന്നുവെങ്കിൽ ഒരുതരം അറിവില്ലായ്മയാണതെന്നും വെളിപ്പെടുത്തുകയാണ് ഈ ലഘുലേഖന രചനയുടെ പിന്നാമ്പുറം.

രണ്ടുവ്യക്തികളുടെ, രണ്ട് ഹൃദയങ്ങളുടെ ബലവത്തായ ബാന്ധവമാണ് വിവാഹം. അഥവാ ദമ്പതികളുടെ ഐക്യമാണ് വിവാഹജീവിതവിജയത്തിന്റെ അന്തരാത്മാവ്. ഈ ഐക്യത്തിന് വ്യത്യസ്ഥ തലങ്ങളും വിവിധമാനങ്ങളും വി. വേദപുസ്തകം സുവ്യക്തമായി രേഖപ്പെടുത്തിയിട്ടുമുണ്ട്. ഉല്പത്തി പുസ്തകത്തിൽ തന്നെയാണ് ആ തലങ്ങളും പദവികളും നാം കണ്ടെത്തുക. പുരുഷൻ തന്റെ പിതാവിനേയും മാതാവിനേയും വിട്ടുപിരിഞ്ഞ് ഭാര്യയോട് പറ്റിച്ചേരും, അവർ ഏകശരീരമായി തീരുകയും ചെയ്യും (ഉല്പത്തി 2:24). തിരുവചനത്തിൽ കുടുംബജീവിതത്തെ സംബന്ധിച്ചുള്ള ആദ്യസൂചനയാണിത്. വി. മത്തായി 19:5, എഫേസ്യർ 5:31 ഇവ അതിന്റെ പുതിയ നിയമപ്രതിപാദനങ്ങളും. വിട്ടുപിരിയുക, പറ്റിച്ചേരുക, ഏകശരീരമാവുക തുടങ്ങിയ ഐക്യതലങ്ങൾ അവിടെ നാം കാണുന്നുണ്ടെങ്കിലും വിട്ടുമാറലും കൂട്ടുചേരലും കുടുംബജീവിതത്തിന്റെ സുസ്ഥിരതയ്ക്ക് ഏറ്റവും സുപ്രധാനമായ അവസ്ഥാതലമാണ്.

മാതാപിതാക്കളെ ഉപേക്ഷിക്കുക. ഒരു പ്രത്യേകതരം ഉപേക്ഷ. അവരെ വഴിയാധാരമാക്കുകയല്ല ലക്ഷ്യം. ദാമ്പത്യ ബന്ധത്തിന്റെ ഒന്നാം പാദമാണത്. ശ്രവണമാത്രയിൽ തന്നെ ചിലർക്കത് ഭാരവും മറ്റുചിലർക്ക് വളരെ എളുപ്പവുമായി തോന്നും. പക്ഷേ ഭാരമോ എളുപ്പമോ എന്നതിനേക്കാൾ ശ്രദ്ധാവിഷയം, മാതാപിതാക്കളെ ഉപേക്ഷിക്കാൻ പറയുന്ന വി. ഗ്രന്ഥം തന്നെ അവരെ ബഹുമാനിക്കാനും ശക്തമായി കല്പിക്കുന്നു എന്നുള്ളതാണ്. 'നിന്റെ ദൈവമായ യഹോവ നിനക്ക് തരുന്ന ദേശത്ത് നിനക്ക് ദീർഘായുസ്സുണ്ടാകുവാൻ നിന്റെ അപ്പനേയും അമ്മയേയും ബഹുമാനിക്കുക' (പുറ. 20:12). അതിനാൽ മാതാപിതാക്കളെ ഉപേക്ഷിക്കുക എന്നത് അവഗണിക്കലല്ല, പെരുവഴിയിലാക്കലുമല്ല എന്ന് ദിവ്യസന്ദേശം.

വിവാഹിതരാകുന്ന യുവാവും, യുവതിയും ഒരു പുതിയ ബന്ധം ഏറ്റെടുക്കുകയാണ്. മാതാപിതാക്കളിൽ നിന്നും ലഭ്യമാകാത്ത ഈ ബന്ധത്തിൽ അവർ ഉൾപ്പെടുകയും, അതിന്റെ സമഗ്രതയിലെത്തുകയും വേണം. അതിന് മറ്റേതെങ്കിലും വ്യക്തിയോ ബന്ധമോ തടസ്സമാകുവാനും പാടില്ല. മാതാപിതാക്കൾ ഈ കാര്യം യോഗ്യമായി മനസ്സിലാക്കുകയും ദാമ്പത്യ ബന്ധത്തിന്റെ സുദൃഢതയിലേക്ക് അവരെ പൂർണ്ണമായി വിട്ടുകൊടുക്കുവാൻ സന്നദ്ധരാവുകയും ചെയ്യണം. അതായത് ദമ്പതികൾ മാതാപിതാക്കളെ ഉപേക്ഷിക്കുന്നതുപോലെ മാതാപിതാക്കൾ മക്കളെയും ഉപേക്ഷിക്കേണ്ടിയിരിക്കുന്നു. പങ്കാളിയെ സ്വീകരിക്കുവാൻ എല്ലാ സാഹചര്യങ്ങളും അനുകൂലമാകുവാൻ മാത്രമാണ് ഈ ഉപേക്ഷ. ഒരു ഉപേക്ഷയ്ക്ക് ഒരു സ്വീകരണമുണ്ട്. മാതാപിതാക്കളെ ഉപേക്ഷിക്കുന്നു. പങ്കാളിയെ സ്വീകരിക്കുന്നു.

നേരത്തേ സൂചിപ്പിച്ചതുപോലെ മാതാപിതാക്കളെ വിട്ടുപിരിയാൻ പറയുന്ന തിരുവചനം അവരെ ബഹുമാനിക്കുവാനും ആദരിക്കുവാനും പ്രബോധിപ്പിച്ച് ഉദാത്തമായ ഒരു കടപ്പാട് ഭാരമേൽപ്പിക്കുന്നുണ്ട്. 'നിനക്ക് നന്മ ഉണ്ടാകുവാനും, നീ ഭൂമിയിൽ ദീർഘായുസ്സോടെ ഇരിക്കുവാനും നിന്റെ പിതാവിനെയും മാതാവിനെയും ബഹുമാനിക്കുക' എന്നത് പ്രതിജ്ഞ ചെയ്യപ്പെട്ട പ്രഥമ കല്പനയാകുന്നു (എഫേസ്യ 6:2-3) എന്ന പുതിയനിയമഭാഷ്യം ഈ കല്പനയ്ക്ക് ദൃഢതനൽകുന്നു. ഈ കടപ്പാട് വെറും ആശയലോകത്തിരുന്നാൽ പോരാ, പ്രത്യുത പ്രായോഗികതലത്തിൽ ഉറപ്പാക്കിയിരിക്കണം. മാതാപിതാക്കളോടുള്ള സ്നേഹം, അടുപ്പം, കടപ്പാട് ഇവ ജീവിതബന്ധിയായിരിക്കയും വേണം. ഭക്ഷണം, വസ്ത്രം, ചികിത്സ, അംഗീകാരം, ബഹുമാനം തുടങ്ങി ശാരീരികവും മാനസികവും ആത്മീയവുമായ എല്ലാ ആവശ്യങ്ങളും പ്രദാനം ചെയ്യുകമാത്രമല്ല ആത്യന്തിക സംതൃപ്തി നൽകുകയുമാണ് വിവാഹത്തിലെ ഉപേക്ഷ.

ഏതവസരത്തിലും മുൻഗണന ജീവിത പങ്കാളിക്ക് അർഹതയുള്ള അവകാശമാണ്. പക്ഷേ പങ്കാളിയോടുള്ള ഐക്യവും മാതാപിതാക്കളോടുള്ള ബന്ധവും ഊനമില്ലാത്തവിധം പരിരക്ഷിക്കുവാൻ വിവേകം എന്ന ദൈവിക ദാനം അനുപേക്ഷണീയമാണ്. ഉദാഹരണമായിട്ട് പങ്കാളിക്കും മാതാപിതാക്കൾക്കും ഒരേസമയത്ത് ശുശ്രൂഷ ചെയ്യേണ്ട അവസരം വന്നുവെന്ന് സങ്കൽപ്പിക്കുക. ആരുടെ ശുശ്രൂഷ ആദ്യം നടത്തും? പങ്കാളിക്ക് മുൻഗണന ഉണ്ട്. അതു ശരിയുമാണ്. അപ്പോൾ മാതാപിതാക്കൾ അസ്വാരസ്യപ്പെട്ടിട്ട് കാര്യമില്ല. അനുചിതമായ ന്യായാന്യായങ്ങൾ പറഞ്ഞ് അവകാശം സ്ഥാപിക്കാൻ നോക്കരുത്.

മുൻഗണന പങ്കാളിക്കുണ്ടെങ്കിലും വിവേകപൂർവ്വം തൽക്കാലത്തേക്കെങ്കിലും അത് ഉപേക്ഷിക്കുവാൻ അവർ തയ്യാറായാൽ കുടുംബം ഭൂമിയിലെ സ്വർഗ്ഗമായി മാറുന്ന കാഴ്ചയായിരിക്കും കാണുവാൻ കഴിയുക. ആയതിനാൽ ജീവിത ചക്രവാളത്തിൽ വിവേകത്തിന്റെ സൂര്യൻ ഉദിച്ചുയരാൻ നമുക്ക് ആഗ്രഹിക്കാം. ഒപ്പം സുദൃഢമായ ദാമ്പത്യബന്ധങ്ങളും. ■

# ഓർത്തഡോക്സ് ഇന്റർനാഷണൽ സെന്റർ കൊച്ചി (OIC)

'ഇങ്ങനെ ദൈവം തന്റെ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു, ദൈവത്തിന്റെ സ്വരൂപത്തിൽ അവനെ സൃഷ്ടിച്ചു', ആണും പെണ്ണുമായി അവരെ സൃഷ്ടിച്ചു (ഉല്പ 1:27). ലോകത്തെ ഭരിക്കാനും സംരക്ഷിക്കാനും ദൈവം മനുഷ്യനെ കുടുംബമായി സൃഷ്ടിച്ചെന്നു സാരം. എന്നാൽ ഇന്നു നാം കാണുന്നത് സാമ്പത്തിക അസന്തുഷ്ടിയാലും, രാഷ്ട്രീയ അതിപ്രസരം കൊണ്ടും മരവിച്ച ഒരു സമൂഹത്തെയാണ്. ഇവിടെ വൃദ്ധരായവർ നിരാശരാണ്. സാമ്പത്തികമായി ഉന്നതനിലവാരം പുലർത്തുന്ന മക്കളുണ്ടെന്നു സന്തോഷിക്കാമെങ്കിലും തങ്ങളെ കരുതാൻ പറ്റാത്ത സാഹചര്യമായിരിക്കും അവർക്ക്.

മദ്ധ്യവയസ്കർ തങ്ങളുടെ കഴിവുകേടിൽ മനംനൊന്തും, യുവാക്കൾ ലക്ഷ്യമില്ലാതെയും അലയുമ്പോൾ ആശ്രയിക്കാൻ ഒരത്താണിയില്ലാത്ത സമൂഹം.

വികലമായ ചിന്തകളാൽ സമൂഹത്തിൽ എത്തേണ്ടിടത്ത് എത്താൻപറ്റാതിരുന്ന ചിലർ കെട്ടിപ്പടുക്കുന്ന ഗ്രൂപ്പുകളിലേക്ക് ചേക്കേറുന്ന മക്കളെയോർത്ത് എന്തുചെയ്യണമെന്നറിയാതെ സങ്കടപ്പെടുന്ന ഓർത്തഡോക്സ് മാതാപിതാക്കളും ഇന്നുണ്ട്. ഇങ്ങനെയുള്ള ഒരുകാലഘട്ടത്തിൽ സഭ ചെയ്യേണ്ട കടമ വളരെ വലുതാണ്. ഉത്തമ കുടുംബങ്ങൾ ഉണ്ടായാലേ ഇവയ്ക്കുള്ള പരിഹാരമാകുകയുള്ളൂ. അധഃപ്പതിക്കുന്ന സമൂഹത്തെ ഉയർത്തുവാനും, ധാർമ്മിക മൂല്യങ്ങൾ നിലനിർത്തുവാനും, പിതാക്കന്മാർ തുടങ്ങിവച്ച നല്ല കാര്യങ്ങൾ മുമ്പോട്ടു കൊണ്ടുപോകുവാനും സഭ ചിന്തിച്ചു തുടങ്ങിയതിന്റെ മൂർത്തീഭാവമായി നിലവിൽവന്ന ഒരാശയമാണ് 'ഓർത്തഡോക്സ് ഇന്റർനാഷണൽ സെന്റർ' എന്നത്. മേൽ വിവരിച്ച എല്ലാ പ്രതിസന്ധികൾക്കുമുള്ള ഒറ്റമൂലിയായാണ് OIC യുടെ പ്രവർത്തനം വിഭാവനം ചെയ്തിരിക്കുന്നത്.

സഭാമക്കൾക്ക് ആവശ്യമായ ആത്മീയ പ്രചോദനത്തിനും, മാനസ്സിക പിരിമുറുക്കങ്ങളിൽ നിന്ന് രക്ഷപ്പെടാനുള്ള സൗമ്യമായ അന്തരീക്ഷത്തിനും പ്രാധാന്യം കൊടുത്തുകൊണ്ട്, ഓർത്തഡോക്സ് സഭാ പിതാക്കന്മാരുടെ അനുഗ്രഹാശിസുകളോടെ കൊച്ചി ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ചിരിക്കുന്ന ഈ സംരംഭം മലങ്കര സഭാമക്കളുടെ ഒരു സ്വപ്ന സാക്ഷാത്ക്കാരമാണെന്നു പറയാം.

കൊച്ചി സിറ്റിയുടെ വളരെ അടുത്തുകിടക്കുന്ന കളമശ്ശേരിയിൽ ഏകദേശം 6.5 ഏക്കർ സ്ഥലത്ത് രൂപംകൊള്ളുന്ന ഈ സംരംഭത്തിൽ താഴെപറയുന്ന സൗകര്യങ്ങളാണൊരുക്കുന്നത്. ചാപ്പൽ, കൗൺസിലിങ്ങിനുള്ള സൗകര്യങ്ങൾ, കോൺഫറൻസിനും, റിട്രീറ്റിനും മറ്റുമുള്ള മുറികൾ, ലൈബ്രറി, മ്യൂസിയം, മറ്റുള്ള സഭകളുമായി ചർച്ച നടത്തുവാനുള്ള സൗകര്യം, സീനിയർ സിറ്റിസൺസിനുവേണ്ടിയുള്ള കെയർഹോം, കോൺവെന്റ്, സഭാമക്കൾക്ക് ദൈവസാന്നിദ്ധ്യത്തിൽ ഏതാനും ദിവസം സമാധാനമായി വന്നു താമസിക്കുവാനുള്ള സൗകര്യം, NRI Members - നു വേണ്ടി പ്രത്യേക ഓഫീസ് മുതലായവ കൊച്ചിൻ സെന്ററിൽ ഉൾപ്പെടുത്തിയാണ് ഇതിന്റെ രൂപകൽപ്പന. വാർദ്ധക്യത്തിൽ അഭികാമ്യമായ രണ്ടുകാര്യങ്ങൾ ദൈവസാന്നിദ്ധ്യവും, സുരക്ഷിതത്വവുമാണ്. ഇവ രണ്ടിനുമുള്ള ഏറ്റവും നല്ല ക്രമീകരണങ്ങളാണ് കെയർ ഹോമിൽ ചെയ്യുന്നത്.

ഓർത്തഡോക്സ് ഇന്റർനാഷണൽ സെന്റർ ഓർത്തഡോക്സ് സഭയ്ക്കുതന്നെ ഒരു മുതൽക്കൂട്ടാകുവാൻ എല്ലാവരും പ്രാർത്ഥിക്കുകയും അതിനായി സഹകരിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. കഴിയുന്നത്ര സഭാവിശ്വാസികൾ ഓർത്തഡോക്സ് ഇന്റർനാഷണൽ സെന്ററിൽ അംഗങ്ങളായി ചേരുകയും അവിടെ നടക്കാനിരിക്കുന്ന പ്രവർത്തനങ്ങളിൽ ഭാഗഭാക്കാകുകയും ചെയ്താൽ ഈ ആശയം ഒരു വൻ വിജയമാക്കുവാൻ സാധിക്കും.

*Office: St. Mary's Cathedral Bldg.*
*Park Avenue, Cochin*

**George Paul,** *Working President, OIC.*
*For details contact: 94470 40484*

# ക്രിസ്തുശിഷ്യന്മാരുടെ അന്ത്യം

യേശുക്രിസ്തുവിന്റെ കൂടെ ജീവിച്ച്, ക്രിസ്തുവിന്റെ ക്രൂശുമരണവും, ഉയിർപ്പും കണ്ടറിഞ്ഞ്, അത് മറ്റുള്ളവരോട് പ്രസംഗിച്ചു എന്ന കുറ്റത്തിന് യേശുവിന്റെ പതിനൊന്നു ശിഷ്യന്മാരും കൊല്ലപ്പെടുകയായിരുന്നു. ശിഷ്യനായ യോഹന്നാൻ മാത്രമായിരുന്നു ഇതിനൊരപവാദം. കഷ്ടപ്പെടേണ്ടിവന്നു എങ്കിലും സ്വാഭാവിക മരണം തേടിയെത്തിയത് യോഹന്നാനെ മാത്രമായിരുന്നു. ക്രിസ്തുമതം വളർന്നുവന്നത് ഭയങ്കരമായ എതിർപ്പുകളുടെ നടുവിൽക്കൂടിയായിരുന്നു. ആദ്യകാലങ്ങളിൽ ക്രിസ്ത്യാനികളെ ക്രൂരമായി വധിക്കുന്നത് പല രാജാക്കന്മാർക്കും ഒരു വിനോദം തന്നെയായിരുന്നു.

**ഓരോ ശിഷ്യന്മാരുടെയും അന്ത്യം എങ്ങനെയായിരുന്നു എന്നു താഴെ വിവരിക്കുന്നു.**

1. യോഹന്നാൻ – റോമിൽ വച്ച് തിളച്ച എണ്ണയിൽ ഇടുവാൻ വിധിച്ചെങ്കിലും അത്ഭുതകരമായി രക്ഷപ്പെട്ടു. പറ്റ്മോസ് ദ്വീപിലേക്ക് നാടുകടത്തപ്പെടുകയും ചെയ്തു. അവിടെവച്ചാണ് യോഹന്നാന്റെ സുവിശേഷം എഴുതപ്പെട്ടത്. ദ്വീപിൽ നിന്ന് സ്വതന്ത്രനായി ടർക്കിയിൽ എഡെസ്സായിലെ ബിഷപ്പായി അവരോധിക്കപ്പെടുകയും, പ്രായംചെന്ന് അന്ത്യം സംഭവിച്ച ഒരേയൊരു ശിഷ്യനാകുകയും ചെയ്തു.

2. മത്തായി – എത്യോപ്യയിൽ സുവിശേഷമറിയിച്ചുകൊണ്ടിരിക്കുമ്പോൾ വാളുകൊണ്ടുള്ള വെട്ടേറ്റു മരിക്കുകയായിരുന്നു.

3. പത്രോസ് – പത്രോസിനെ തലകീഴായി X ആകൃതിയിലുള്ള കുരിശിൽ തറച്ചു കൊല്ലുകയായിരുന്നു. യേശുക്രിസ്തുവിനെപ്പോലെ കുരിശിൽ തറക്കപ്പെടുവാൻ യോഗ്യനല്ലെന്ന് എതിരാളികളോടു പറഞ്ഞതിനാണ് അവർ തലകീഴായി കുരിശിൽ തറച്ചത്.

4. അല്ഫായുടെ മകൻ യാക്കോബ് – യേരുശലേമിലെ ക്രിസ്ത്യാനികളുടെ നായകനായിരുന്ന യാക്കോബിനെ, യേശുവിനെ ഉപേക്ഷിക്കാതിരുന്ന കുറ്റത്തിന് പള്ളിയുടെ ഗോപുരമുകളിൽ നിന്ന് നൂറടി താഴേക്ക് തള്ളിയിട്ടു. യേശുക്രിസ്തുവിനെ പിശാച് പരീക്ഷിച്ച സ്ഥലം തന്നെയായിരുന്നു ഇത്. ഈ വീഴ്ചയിൽ നിന്ന് രക്ഷപ്പെട്ട യാക്കോബിനെ ശത്രുക്കൾ അടിച്ചുകൊല്ലുകയായിരുന്നു.

5. സെബദിയുടെ മകൻ യാക്കോബ് – യെരുശലേമിൽ സഭയുടെ നായകത്വം വഹിച്ചിരുന്നതുകൊണ്ട് യാക്കോബിനെ തലവെട്ടിക്കൊല്ലുകയായിരുന്നു. തലവെട്ടിയ റോമൻ പടയാളി മാനസാന്തരപ്പെട്ട് ക്രിസ്ത്യാനിയാകുകയും ജഡ്ജിയുടെ അടുത്ത് ക്രിസ്ത്യാനിയായ വിവരം ഏറ്റുപറഞ്ഞ് ക്രിസ്ത്യാനികൾക്കുള്ള ശിക്ഷയായ ശിരഛേദം കൈവരിക്കുകയും ചെയ്തെന്നു പറയപ്പെടുന്നു.

6. ബർത്തലോമായി – നതാനിയേലെന്നും അറിയപ്പെട്ടിരുന്ന ബർത്തലോമായി ഏഷ്യയിൽ, ടർക്കിയിൽ സുവിശേഷത്തിന് നിയോഗിക്കപ്പെട്ടിരുന്നു. അർമേനിയയിൽ സുവിശേഷമറിയിച്ചതിന് ചാട്ടകൊണ്ട് അടിച്ചുകൊല്ലുകയായിരുന്നു.

7. അന്ത്രയോസ് – പത്രോസിന്റെ സഹോദരനായിരുന്നു. ഗ്രീസിൽവച്ച് കുരിശുമരണം വരിക്കയായിരുന്നു. മാരകമായ ചാട്ടകൊണ്ടടിച്ച് കുരിശിൽകെട്ടിത്തൂക്കിയിടുകയായിരുന്നു. പടയാളികളോട് 'യേശുവിനെ തറച്ച കുരിശിൽ തറക്കപ്പെടുവാൻ ആഗ്രഹിച്ച് സന്തോഷിക്കയായിരുന്നുവെന്ന്' പറഞ്ഞെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. രണ്ടുദിവസത്തോളം കുരിശിൽ കിടന്നു മരിക്കുംവരെ ക്രിസ്തുമതം പ്രസംഗിച്ചുകൊണ്ടിരുന്നു.

8. തോമസ് – ഇൻഡ്യയിൽ മിഷനറി യാത്ര നടത്തിക്കൊണ്ടിരിക്കേ, മദ്രാസിൽ, ഇപ്പോഴത്തെ സെന്റ് തോമസ് മൗണ്ടിൽ പ്രാർത്ഥിച്ചുകൊണ്ടിരിക്കേ ഒരു വേടൻ ശൂലമുപയോഗിച്ച് പിറകിൽനിന്ന് കുത്തിക്കൊല്ലുകയായിരുന്നു. അടുത്തുള്ള മൈലാപ്പൂർ എന്ന സ്ഥലത്ത് കബറടക്കപ്പെടുകയും ചെയ്തു.

9. ഇസ്ക്കരിയോത്താ യൂദാ – യേശുക്രിസ്തുവിനെ ഒറ്റിക്കൊടുത്ത യൂദാസ്, യേശുക്രിസ്തു രക്ഷപ്പെടാതിരുന്നപ്പോൾ കെട്ടിഞ്ഞാന്ന് മരിക്കയായിരുന്നു.

10. ഫിലിപ്പോസ് – സുവിശേഷ വേലക്കിടെ, കിഴക്കേ ടർക്കിയിലുള്ള ഹീരാപ്പോലീസ് പട്ടണത്തിൽ ഡൊമിനിഷൻ രാജാവ് തലകീഴായി കുരിശിൽ തറച്ച് കൊല്ലുകയായിരുന്നു.

11. ശിമോൻ – രോഗികളെ സൗഖ്യമാക്കിയും, പിശാചുബാധ ഒഴിപ്പിച്ചും മുന്നേറുമ്പോൾ പേർഷ്യയിൽ വച്ച് കുരിശിൽ തറക്കപ്പെട്ടു.

12. തദ്ദായി – (യാക്കോബ് മകൻ യൂദാസ്) – സുവിശേഷ വേലക്കിടെ, മെസപ്പൊട്ടാമിയയിലെ എഡെസായിൽ വച്ച് കുരിശിൽ തറക്കപ്പെട്ടു.

13. മത്തിയാസ് – ഒറ്റുകാരനായ ഇസ്കരിയോത്താ യൂദയ്ക്കു പകരം നിയമിതനായ ഈ അപ്പോസ്തലനെ കല്ലെറിഞ്ഞുകൊന്ന് തലവെട്ടിമാറ്റുകയായിരുന്നു.

14. പൗലോസ് അപ്പോസ്തലൻ – റോമിൽ വളരെ നാളുകൾ കാരാഗൃഹത്തിലടക്കപ്പെട്ട് ഒടുവിൽ നീറോ ചക്രവർത്തിയാൽ തലവെട്ടപ്പെട്ട് മരിക്കാനിടയായി. ചില വേദപുസ്തക നിരൂപകർ മത്തിയാസിനെ ഒരു കഴിവില്ലാത്ത അപ്പോസ്തലനായും, പൗലോസിനെ യൂദായ്ക്കു പകരം ദൈവം തിരഞ്ഞെടുത്ത അപ്പോസ്തലനായും കരുതുന്നുണ്ട്. റോമാസാമ്രാജ്യത്തിൽ സ്ഥാപിച്ച സഭകൾക്ക് ജയിലിൽ നിന്ന് എഴുതിയ ലേഖനങ്ങൾ ക്രോഡീകരിച്ച്, പുതിയനിയമത്തിൽ ചേർത്തിട്ടുണ്ട്.

ലോകം കീഴ്മേൽ മറിച്ച ഒരു വിശ്വാസ സമൂഹത്തെ സൃഷ്ടിച്ചത് വെറും സാധാരണക്കാരായ യേശുക്രിസ്തുവിനാൽ തിരഞ്ഞെടുക്കപ്പെട്ട ഈ പന്ത്രണ്ടു ശിഷ്യന്മാരായിരുന്നല്ലോ. നാം ഒരുകാര്യം ഓർക്കുന്നതു നന്നായിരിക്കും. സഭാ വിശ്വാസികൾ ഇപ്പോൾ അനുഭവിക്കുന്ന നന്മകൾ നമ്മുടെ പൂർവ്വികന്മാർ അനുഭവിച്ച കഷ്ടപ്പാടുകളിൽ നിന്ന് ഉരുത്തിരിഞ്ഞതാണ് എന്നോർക്കുക. സഭയുടെ നിലനിൽപ്പിനുവേണ്ടിയും അഭിവൃദ്ധിക്കുവേണ്ടിയും നാം ചെയ്യുവാനുള്ള കടമ മറക്കാതെ ചെയ്യുവാനുള്ള ഒരോർമ്മപ്പെടുത്തൽ മാത്രമല്ല ആ ശിഷ്യന്മാരുടെ വിശ്വാസസ്ഥിരത നമുക്കും ഒരു മാതൃകയാക്കാൻ ശ്രമിക്കാം.

*Collected by K.K. George*

## കുടുംബ വിശേഷങ്ങൾ

## പെരുന്നാളും പാരിഷ്ഡേയും

കത്തീഡ്രൽ ഇടവകയിലെ പ്രധാന പെരുന്നാളും, ഇടവകദിനവും ജനുവരി 15, 16 തീയതികളിൽ സമുചിതമായി ആചരിച്ചു. അഭി. യൂഹാനോൻ മാർ പോളികാർപ്പോസ് തിരുമേനി മുഖ്യാതിഥിയായിരുന്നു.







ജനറൽ ആശുപത്രി കാൻസർ വാർഡിലേക്കു നൽകുന്ന മരുന്നുകളുടെ ഡിസംബർ - ജനുവരി മാസങ്ങളിലെ വിതരണം, MGOCSM ന്റെ ആഭിമുഖ്യത്തിൽ ജനുവരി 29ന് MGOCSM യൂണിറ്റ് സെക്രട്ടറി ശിൽപ മേരി ജിജി നിർവ്വഹിച്ചപ്പോൾ.









ജനുവരി 26-ാം തീയതി വൈകിട്ട് പാരിഷ് ഹാളിൽ കത്തീഡ്രൽ ഫാമിലി അസോസിയേഷന്റെ പൊതുയോഗം പ്രസിഡന്റ് ശ്രീ കെ.ഐ. ജോർജ്ജിന്റെ അദ്ധ്യക്ഷതയിൽ നടന്നു. പ്രവർത്തന റിപ്പോർട്ട്, വരവുചെലവു കണക്ക് എന്നിവ അവതരിപ്പിക്കപ്പെട്ടു. ഇടവകാംഗങ്ങളുടെ ഇടയിൽ കൂട്ടായ്മ വർദ്ധിപ്പിക്കുന്നതിനെ സംബന്ധിച്ച് യോഗം ചർച്ചചെയ്യുകയും പുതിയ ഭരണസമിതിയിലേക്ക് 15 അംഗങ്ങളുടെ പാനലിനെ ഐകകണ്ഠ്യേന തിരഞ്ഞെടുക്കുകയും ചെയ്തു. സന്ധ്യാനമസ്കാരത്തിനുശേഷം റവ. ഫാ. പ്രിൻസ് മാത്യു പ്രസംഗിക്കുകയും തുടർന്ന് അത്താഴത്തോടുകൂടി പരിപാടികൾ സമാപിക്കുകയും ചെയ്തു.

സെക്രട്ടറി **ഫിലിപ് പനയ്ക്കൽ**



കൊച്ചി ഭദ്രാസനത്തിന്റെ കീഴിലുള്ള കൊരട്ടി മാർ സേവേറിയോസ് യു.പി. സ്കൂളിലെ കുട്ടികൾക്ക് നമ്മുടെ കത്തീഡ്രലും ഡോ. എം.വി. ജോസഫ് ചെയർമാനായ കൊച്ചിൻ ചൈൽഡ് ഫൗണ്ടേഷനും കൂടി സംഭാവനചെയ്ത കുടിവെള്ളത്തിനുള്ള ഫിൽട്ടർ യൂണിറ്റ് 19-01-2011 ൽ ഡോ. എം.വി. ജോസഫ് ഉദ്ഘാടനം ചെയ്യുന്നു.

## മൂന്നു നോമ്പാചരണം

ഫെബ്രുവരി 14 മുതൽ 17 വരെ ഈ വർഷത്തെ മൂന്നു നോമ്പ് കത്തീഡ്രലിൽ ആചരിക്കുന്നു. റവ. ഫാ. വർഗ്ഗീസ് ചാക്കോ, ശ്രീ. അജി വർഗ്ഗീസ് എന്നിവർ നേതൃത്വം നൽകും.

## കുരിശിൻതൊട്ടി നിർമ്മാണം

ചിറ്റൂർ സെമിത്തേരി ചാപ്പലിനോടു ചേർന്ന് റോഡിനഭിമുഖമായി നിർമ്മിക്കുന്ന കുരിശിൻതൊട്ടി പൂർത്തീകരണത്തോടടുക്കുന്നു. ഏതാനും ദിവസങ്ങൾക്കുള്ളിൽ കൂദാശ നിർവ്വഹിക്കുവാൻ സാധിക്കും. അനുഗ്രഹകരമായ പ്രതിഷ്ഠാകർമ്മത്തിനായി പ്രാർത്ഥിക്കാം.

## വിശേഷ ദിവസങ്ങൾ

**ഫെബ്രുവരി**

9 ബുധൻ : പ്രഥമ വികാരി ജേക്കബ് മൂരിക്കലച്ചന്റെ ഓർമ്മ
14 തിങ്കൾ : മൂന്നു നോമ്പാരംഭം
17 വ്യാഴം : മൂന്നു നോമ്പു വീടൽ
20 ഞായർ : വാങ്ങിപ്പോയ സകല പട്ടക്കാരുടെയും ഓർമ്മ
27 ഞായർ : സകല വാങ്ങിപ്പോയവരുടെയും ഓർമ്മ

**മാർച്ച്**

6 ഞായർ : കൊത്നേ (പേത്തറുത്ത) ഞായറാഴ്ച

*Sponsored by:*




## അഭിനന്ദനങ്ങൾ



ക്രിമിനോളജിയും ക്രിമിനൽ ജസ്റ്റിസ് സയൻസിലും മദ്രാസ് സർവ്വകലാശാലയിൽ നിന്നും ഡോക്ടറേറ്റ് നേടിയ ജയിൻ ഐർ മാത്യു, എറണാകുളം, മത്തായി മാഞ്ഞൂരാൻ റോഡിൽ കല്ലത്ത് ജോർജ്ജ് ജേക്കബിന്റെയും മോളി ജേക്കബിന്റെയും മകൻ ജിക്കു ജോർജ്ജ് ജേക്കബിന്റെ ഭാര്യയാണ്.

## മാമോദീസ

1) ഗാന്ധിനഗർ ശ്രീ കെ.വൈ. ഗീവർഗ്ഗീസിന്റെ മകൾ ശ്രീമതി ഷീജാ ടൈറ്റസി ന്റെയും ശ്രീ ടൈറ്റസ് തോമസിന്റെയും മകൾ മേരി (റിയ മേരി ടൈറ്റസ്) 1-1-2011 ൽ മാമോദീസ സ്വീകരിച്ചു.
2) ഗാന്ധിനഗർ ഡോ. ജോർജ്ജ് തോമസിന്റെ മകൾ ശ്രീമതി ഷാരൺ തോമസിന്റെയും ശ്രീനിഥിൻ ഐപ്പിന്റെയും മകൻ ഗീവർഗീസ് (Jeremy George Vengal) 8-1-2011 ൽ മാമോദീസ സ്വീകരിച്ചു.
3) പി.ടി. ഉഷ റോഡിൽ വടശ്ശേരിൽ ശ്രീ തോമസ് ഫിലിപ്പിന്റെ മകൻ മിഖായേൽ ജെ. തോമസ് 15-1-2011 ൽ മാമോദീസ സ്വീകരിച്ചു.
4) എടയക്കുന്നം മാളിയേക്കൽ ശ്രീ തങ്കച്ചന്റെ മകൻ ശ്രീ ഗീവർഗീസ് തങ്കച്ചന്റെയും ശ്രീമതി ജിജി ഗീവർഗീസിന്റെയും മകൾ റയ്ച്ചൽ (Angeline Geevarghese) 29-1-2011 ൽ മാമോദീസ സ്വീകരിച്ചു.

## വിവാഹം

1) കലൂർ ഷേണായ്സ് റോഡ് പുത്തൻവീട്ടിൽ ശ്രീ. പി.ജി. കോശിയുടെയും ശ്രീമതി ഉഷ കോശിയുടെയും മകൻ തോമസ് കോശിയും പെരുമ്പാവൂർ മുണ്ടക്കൽ ശ്രീ. പി. പത്രോസിന്റെയും ശ്രീമതി ലനി പത്രോസിന്റെയും മകൾ എസ്തേർ അനു പത്രോസും തമ്മിലുള്ള വിവാഹം 2-1-2011 ൽ കത്തീഡ്രലിൽ നടന്നു.



2) പനമ്പിള്ളി നഗർ Belair - ൽ ശ്രീ സാം ജോർജ്ജിന്റെയും ശ്രീമതി എലിസബത്ത് ഷീല സാമിന്റെയും മകൻ കെവിൻ സാമും പാറേക്കാട്ട് ശ്രീ ഷാജി പീറ്ററിന്റെയും ശ്രീമതി ബെറ്റ്സി ഷാജിയുടെയും മകൾ നീനുഷാജിയും തമ്മിലുള്ള വിവാഹം 2-1-2011 ൽ HG Yacob Mar Irenaios തിരുമേനിയുടെ കാർമ്മികത്വത്തിൽ കത്തീഡ്രലിൽ നടന്നു.

3) സൗത്ത് കളമശ്ശേരി KID ഗാർഡൻ പനക്കൽ ശ്രീ ബിന്നി പോളിന്റെയും പരേതയായ ശ്രീമതി ജസ്സി ബിന്നിയുടെയും മകൻ ബിജി ബിന്നിയും മകൻ ബിജി ബിന്നിയും തിരുവനന്തപുരം മുട്ടട കല്ലുപുരയ്ക്കൽ ശ്രീ. കെ.വി. മാത്യുവിന്റെയും ശ്രീമതി അന്നമ്മ മാത്യുവിന്റെയും മകൾ റെനി മേരി മാത്യുവും തമ്മിലുള്ള വിവാഹം 16-1-2011 ൽ H G Yuhanon Mar Policarpos തിരുമേനിയുടെ കാർമ്മികത്വത്തിൽ കത്തീഡ്രലിൽ നടന്നു.



4) എളമക്കര പുത്തൻപുരക്കൽ ശ്രീമതി മറിയം ജോണിന്റെയും പരേതനായ ശ്രീ ജോൺ വറുഗീസിന്റെയും മകൻ രഘു വർഗീസ് ജോണും, West Sussex (England) - Mr. James John Robertson ന്റെയും Mrs. Helan Ruth Robertson ന്റെയും മകൾ Elain Gillian Robertson - ഉം 23-1-2011 ൽ കത്തീഡ്രലിൽ വച്ച് വിവാഹിതരായി



5) കോൺവെന്റ് റോഡ് പാവൂടത്ത് കാറ്റാടിയിൽ ശ്രീ ഏബ്രഹാമിന്റെയും ശ്രീമതി മിനിയുടെയും മകൾ സൂസൻ ഏബ്രഹാമും കവിയൂർ വലിയവീട്ടിൽ റവ. ഫാ. വി.സി. ഗീവറുഗീസിന്റെയും ശ്രീമതി മറിയാമ്മയുടെയും മകൻ ബിന്നി ജോർജ്ജും തമ്മിലുള്ള വിവാഹം 3-1-2011 ൽ കല്ലൂപ്പാറ സെന്റ് ഗ്രീഗോറിയോസ് പള്ളിയിൽ നടന്നു.



6) പറമ്പിത്തറ റോഡ് കീരംകുഴിയിൽ ശ്രീമതി സോഫി തോമസിന്റെയും പരേതനായ ശ്രീ. എ.എൽ. തോമസിന്റെയും മകൾ ഷാരോൺ എലിസബത്ത് തോമസും പാറ്റൂർ നെടുവാണികുളങ്ങര ശ്രീ എൻ. ഇ. വറുഗീസിന്റെയും ശ്രീമതി ശോശാമ്മ വറുഗീസിന്റെയും മകൻ സുജിത്തും 9-1-2011-ൽ തിരുവനന്തപുരം സെന്റ് ജോർജ്ജ് ഓർത്തഡോക്സ് പള്ളിയിൽ വിവാഹിതരായി.

*വധൂവരന്മാർക്ക് മംഗളാശംസകൾ!*

## നിര്യാതരായി



1) എളംകുളം എഴിയത്ത് ശ്രീ. എ.എസ്. ജോസഫ് (77) 2-1-2011 ൽ നിര്യാതനായി. 3-1-2011 ൽ എളംകുളം സെമിത്തേരിയിൽ അടക്കം ചെയ്തു.
2) ടി.ഡി. റോഡ് മംഗലശ്ശേരിൽ ശ്രീമതി മേരി മാത്യു (89) 6-1-2011ൽ നിര്യാതയായി. 8-1-2011 ൽ ചിറ്റൂർ റോഡ് സെമിത്തേരിയിൽ അടക്കം ചെയ്തു.

Editorial Board: P.T. John, K.K. George (94470 40484),Mammen Abraham & Suma Mathew. Design: Cornet, Cochin
**Edited & Published by:** K.K. George for **St. Mary's Orthodox Cathedral, Ernakulam. Phone : 0484-2352490,**
***Website: www.stmarysorthodoxcathedralekm.org Email: georgekaithayil@yahoo.com***

***For Private Circulation only***